**സംയോജിത ജൈവാധിഷ്ഠിത നെൽകൃഷി വികസന പ്രോജക്ട് പ്രകാരം നെൽവിത്തിന് കർഷകർക്ക് നൂറ് ശതമാനം സബ്സിഡി നല്കാമെന്നിരിക്കെ സബ്സിഡി തുകയിലേക്ക് ഗുണഭോക്തൃ വിഹിതവും സംഭാവനയും വകയിരുത്താമോ?**

ഗുണഭോക്താക്കൾ മുതൽ മുടക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് സബ്സിഡി നൽകുന്നത്. ഉൽപാദന മേഖലയെ സംബന്ധിച്ചടത്തോളം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ പൂരകമായോ അനുപൂരകമായോ മുതൽ മുടക്കാൻ ഗുണഭോക്താക്കളെ പ്രേരിപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമാണ് സബ്സിഡി കൊടുക്കുന്നതിലൂടെ നടത്തേണ്ടത്. നെൽവിത്തുകളും തൈകളും നൽകുന്നതിന് അനുവദനീയമായ ഏറ്റവും കൂടിയ സബ്സിഡി നിരക്കാണ് നൂറ് ശതമാനം. അതിനാൽ എല്ലാ സബ്സിഡിയും കഴിയുന്നിടത്തോളം ഗുണഭോക്തൃ വിഹിതമോ ഗുണഭോക്താക്കളുടെ പ്രവർത്തനമോ സംഭാവനയോ ഉറപ്പാക്കുന്ന സംയോജിത പരിപാടികളുടെ ഭാഗമായിരിക്കുന്നതും അഭികാമ്യമാണ്.

അടാട്ട് ഗ്രാമപഞ്ചായത്തിന്റെ സംയോജിത ജൈവാധിഷ്ഠിത നെൽകൃഷി വികസന പ്രോജക്ടും മേൽ സൂചിപ്പിച്ച ഗണത്തിലാണ് പെടുന്നത്. പഞ്ചായത്ത് തീരുമാന പ്രകാരം ഗുണഭോക്തൃ വിഹിതവും സംഭാവനയും പാടശേഖര സമിതി കൺവീനർമാരാണ് കർഷകരിൽ നിന്നും ശേഖരിച്ച് കൃഷി ഭവനിൽ അടയ്ക്കുന്നത്. കൃഷി ഓഫീസർ കർഷകരിൽ നിന്നും സംഭാവന നേരിട്ട് പിരിക്കേണ്ടതില്ല.